## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 1895 — 16.06.2014-ൽ മറുപടിക്ക്.

### വടക്കഞ്ചേരി ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷന്റെ പുതിയ മന്ദിര നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.കെ.ബാലൻ | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) പാലക്കാട് ജില്ലയിലെ വടക്കഞ്ചേരി ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷന്റെ പുതിയ മന്ദിര നിർമ്മാണത്തിനുള്ള നടപടികൾ ഏതുവരെയായെന്ന് വ്യക്തമാക്കുമോ;<br><br>(ബി) കെ.എസ്.ആർ.റ്റി.സി. ഡിപ്പോ പരിസരത്ത് നിന്നും ഫയർ സ്റ്റേഷനുള്ള സ്ഥലം കൈമാറി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടിക്രമങ്ങൾ ഏതുവരെയായെന്ന് വിശദമാക്കുമോ;<br><br>(സി) കെ.എസ്.ഇ.ബി വടക്കഞ്ചേരി സബ് സ്റ്റേഷൻ പരിസരത്തുനിന്നും നിർദ്ദിഷ്ട ഫയർ സ്റ്റേഷനിലേക്ക് വഴിക്കുള്ള സ്ഥലം കെ.എസ്.ഇ.ബി. വിട്ടുതരാൻ തയ്യാറായിട്ടുണ്ടോ;<br><br>(ഡി) ഫയർ സ്റ്റേഷൻ നിർമ്മാണത്തിനുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി ഏതുവരെയായി; ഇതിനായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | : (എയും, ബിയും, സിയും, ഡിയും) വടക്കഞ്ചേരി ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ നിർമ്മാണത്തിനായി 5,50,000/- രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. എന്നാൽ കെട്ടിടനിർമ്മാണത്തിനുള്ള സ്ഥലം കൈമാറി ലഭിച്ചിട്ടില്ല. കെ.എസ്.ആർ.ടി.സിയുടെ അധീനതയിലുള്ള വടക്കഞ്ചേരി I വില്ലേജിൽ ബ്ലോക്ക് നമ്പർ 44ൽ റീ സർവ്വേ നമ്പർ 233/1-ൽ ഉൾപ്പെട്ട ഏകദേശം 50 സെന്റ് സ്ഥലം കൈമാറുന്നതിന് കെ.എസ്.ആർ.ടി.സി ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ സമ്മതം അറിയിച്ചത് പ്രകാരം വസ്തു കൈമാറി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ഫയർ സ്റ്റേഷൻ നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ